# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2600     06/12/2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

**പ്രളയാനന്തര നവകേരള നിർമ്മിതിയ്ക്കായി സഹകരണ വകുപ്പിന്റെ സംഭാവന**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും, വിനോദ സഞ്ചാരവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | പ്രളയാനന്തരം നവകേരള നിർമ്മിതിക്കായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) | പ്രളയ ബാധിതരെ ദീർഘകാലാടിസ്ഥാനത്തിൽ സഹായിക്കുന്നതിനായി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ കേരള (CARe Kerala – Co-operative Alliance to Rebuild Kerala) എന്ന പേരിൽ കെയർ ഹോം (CARe Home), കെയർ ലോൺ (CARe Loan), കെയർ ഗ്രേസ് (CARe Grace) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ട 2000 കുടുംബങ്ങൾക്ക് പുതിയ വീട് വച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു.<br><br>പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റവർക്ക് സമയബന്ധിതമായും വേഗത്തിലും ധനസഹായം ലഭ്യമാക്കുന്നതിന് RESURGENT KERALA LOAN SCHEME എന്ന പേരിൽ ഒരു പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളിലൂടെ 9% പലിശ നിരക്കിലായിരിക്കും ഈ വായ്പകൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നത്. പലിശ സർക്കാർ വഹിക്കും. വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തിരം കെയർ ലോൺ എന്ന പേരിലുള്ള വായ്പ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, |

| | | | |
|---|---|---|---|
| | | | പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace). |
| ബി) | പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നവകേരള നിർമ്മാണത്തിനായി എത്ര തുക സംഭാവന ചെയ്തു എന്ന് വിശദമാക്കാമോ? | ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നവകേരള നിർമ്മാണത്തിനായി സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ വിഹിതമായി ആകെ 1,47,55,057/- രൂപ നൽകിയിട്ടുണ്ട്.<br><br>പ്രാഥമിക സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ നൽകിയ സംഭാവനയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| ജില്ല | പ്രാഥമിക സഹകരണ സംഘങ്ങൾ | | |
|---|---|---|---|
| | കെയർ ഹോം പദ്ധതിയിലേക്ക് സി .എം.ഡി.ആർ.എഫ് ന്റെ പേരിൽ നൽകിയ തുക | ഇത് കൂടാതെ സംഘങ്ങൾ സി.എം.ഡി.ആർ.എഫ് -ൽ നൽകിയ തുക | ജില്ലാ സഹകരണ ബാങ്കുകൾ സി .എം .ഡി.ആർ.എഫ് -ൽ നൽകിയ തുക |
| തിരുവനന്തപുരം | 3,98,38,980/- | 1,55,12,269/- | 20,00,000/- |
| കൊല്ലം | 3,44,50,001/- | 2,88,06,626/- | 7,66,00,778/- |
| പത്തനംതിട്ട | 66,02,500/- | 75,27,105/- | 20,00,000/- |
| ആലപ്പുഴ | 91,75,000/- | 1,98,95,032/- | 1,37,65,175/- |
| കോട്ടയം | 3,03,50,000/- | 1,75,88,780/- | 1,55,90,000/- |
| ഇടുക്കി | 50,00,000/- | 3,15,63,273/- | 1,13,55,777/- |
| എറണാകുളം | 4,58,08,560/- | 8,50,99,231/- | 13,77,540/- |
| തൃശ്ശൂർ | 5,03,24,300/- | 6,92,01,158/- | 2,15,11,696/- |
| പാലക്കാട് | 4,45,38,000/- | 7,53,14,145/- | 49,88,633/- |
| മലപ്പുറം | 4,24,50,000/- | 5,58,54,957/- | 1,00,00,000/- |
| കോഴിക്കോട് | 4,92,55,721/- | 10,41,42,567/- | 2,13,15,200/- |
| വയനാട് | 48,20,791/- | 45,31,396/- | 6,58,618/- |
| കണ്ണൂർ | 6,77,03,205/- | 7,32,47,034/- | 1,18,77,871/- |
| കാസർഗോഡ് | 1,89,46,890/- | 2,59,04,664/- | 35,00,000/- |
| സംസ്ഥാന സഹകരണ യൂണിയൻ | 5,00,000/- | | |
| തിരുവനന്തപുരം കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് | 48,104/- | | |
| ആകെ | 44,98,12,052/- | 61,41,88,237/- | 19,65,41,288/- |

**ആകെ – 1,26,05,41,577/-**

ബാങ്കുകളുടെ വിഹിതമായി ഈ ഇനങ്ങളിൽ ദിനംപ്രതി കൂടുതൽ തുകകൾ ലഭിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ